ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം, എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം, പ്രജനന ശിശു ആരോഗ്യ പദ്ധതി, ഐ.പി.ഡി. പ്രോജക്ട്, പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി എന്നിവയാണ് ആരോഗ്യ വകുപ്പിൽ വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) ഈ പദ്ധതികളുടെ രൂപീകരണത്തിനും, നടത്തിപ്പിനും മേൽനോട്ടത്തിനും വിലയിരുത്തലിനുമായി സംസ്ഥാന ജില്ലാതലങ്ങളിൽ സൊസൈറ്റികൾ/കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പദ്ധതിക്കും പ്രോഗ്രാം ആഫീസറോ നോഡൽ ആഫീസറോ ചുമതലക്കാരായുണ്ട്. സംസ്ഥാന സൊസൈറ്റികൾക്ക് ചീഫ് സെക്രട്ടറി/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയും ജില്ലാതല സൊസൈറ്റികൾക്ക് ജില്ലാ കളക്ടറും നേതൃത്വം നൽകുന്നു. ഇതിനെല്ലാം പുറമേ ഈ പദ്ധതികളെല്ലാം സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനുമായി ഒരു അഡീഷണൽ സെക്രട്ടറിയെ (പ്രോജക്ട്) പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന സൊസൈറ്റികളുടേയും ജില്ലാ സൊസൈറ്റികളുടേയും അവലോകനയോഗങ്ങളിൽ ഓരോ പദ്ധതിയുടേയും നടത്തിപ്പും പുരോഗതിയും വിലയിരുത്തുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടേയും ജില്ലാമെഡിക്കൽ ആഫീസർമാരുടേയും പ്രതിമാസ അവലോകന യോഗങ്ങളിൽ എല്ലാ പ്രോഗ്രാമുകളുടേയും പുരോഗതി വിലയിരുത്തുകയും നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പ് ദേശീയ അവലോകന യോഗങ്ങൾകൂടി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഇതിനു പുറമേ എല്ലാ പ്രോഗ്രാമുകളുടേയും വിശദമായ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകാറുണ്ട്.

സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ഘടനയും നടപടിക്രമങ്ങളും

* 17 [17] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

„ കെ. പി. സതീശ്ചന്ദ്രൻ:

„ ടി. കെ. ദേവകുമാർ:

„ എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങാൻ ചുമതലപ്പെടുത്തിയിട്ടുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ഘടനയിലും നടപടിക്രമങ്ങളിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പർച്ചേസ് കമ്മിറ്റി മരുന്നു വാങ്ങിയതിൽ എന്തെങ്കിലും ക്രമക്കേട് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) സി.പി.സി. മരുന്നു വാങ്ങുന്ന നടപടിക്രമം സുതാര്യമാക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) മരുന്നു വാങ്ങുന്നതിന് ഓപ്പൺ ടെൻഡർ വിളിക്കണമെന്ന കോടതി നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) സെൻട്രൽ പർച്ചേസ് കമ്മിറ്റി 2004 ഒക്ടോബറിൽ പുനസംഘടിപ്പിച്ചിട്ടുണ്ട്. മരുന്നു വാങ്ങുന്ന നടപടി കൂടുതൽ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനായി ഗവൺമെന്റ് ഒരു മരുന്നു വാങ്ങൽ നയം (policy for the procurement of drugs and supplies) പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ബി ആന്റ് സി) ഉണ്ട്. പേവിഷബാധക്കെതിരായ വാക്സിൻ വാങ്ങിയതിൽ അഴിമതി ആരോപണം ഉണ്ടാവുകയും തുടർന്ന് വിജിലൻസ് അന്വേഷണം നടന്നു വരികയുമാണ്. പേവിഷ വാക്സിൻ വാങ്ങിയ ഇടപാടിൽ അഴിമതി ആരോപണത്തെക്കുറിച്ച് നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) സംസ്ഥാന സർക്കാർ ആശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ സുതാര്യവും സുവ്യക്തവും ആക്കണമെന്ന നയപരമായ തീരുമാനത്തിന്റെ വെളിച്ചത്തിൽ ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ച നടത്തിയശേഷം ഔഷധ സംഭരണനയം സർക്കാർ, 7-10-2004-ലെ ജി.ഒ.പി. നമ്പർ 267/04/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ വിധിയും സർക്കാർ പരിഗണിച്ചിട്ടുണ്ട്.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഓപ്പൺ ടെണ്ടർ വിളിച്ച് മരുന്ന് വാങ്ങണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആരോഗ്യവകുപ്പിൽ, പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെ ആവശ്യമുള്ള വ്യത്യസ്തങ്ങളായ 600-ഓളം ഫോർമുലേഷനുകളിലുള്ള മരുന്നുകളും മറ്റു സാധനങ്ങളും ഓപ്പൺ ടെണ്ടർ വിളിച്ച് വാങ്ങുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലേക്കുമുള്ള മരുന്നുകളുടേയും മറ്റ് അനുബന്ധ സാധനങ്ങളുടെയും ആവശ്യകതയിൽ വരുന്ന വ്യത്യാസങ്ങളും സി.പി.സി. 1964 മുതൽ തുടർന്ന് വരുന്ന റേറ്റ് കോൺട്രാക്ട് രീതിയുടെ മേന്മകളും ചൂണ്ടിക്കാട്ടി സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ ഈ വാദം അംഗീകരിക്കുകയും, 15-9-2004-ൽ പുറപ്പെടുവിച്ച സിംഗിൾ ബഞ്ച് വിധിക്കെതിരെ 2004 ഡിസംബർ 2-ാം തീയതി പുറപ്പെടുവിച്ച ഡിവിഷൻ ബഞ്ച് വിധിയിൽ നിലവിലുള്ള റേറ്റ് കോൺട്രാക്ട് 31-3-2005 വരെ തുടരുവാനും 1-4-2005 മുതൽ പുതിയ കമ്പനികളെകൂടെ ചേർത്തു കൊണ്ട് മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുവാനും ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് 1-4-2005 മുതൽ സർക്കാർ പുറപ്പെടുവിച്ച പുതിയ മരുന്ന് വാങ്ങൽ നയപ്രകാരം മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

* 18 [18] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. വി. കുഞ്ഞിരാമൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നു നടത്താനാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തെരഞ്ഞെടുപ്പിനു മുന്നോടിയായി പഞ്ചായത്തുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പഞ്ചായത്തുകളുടെ രൂപീകരണത്തെക്കുറിച്ചും വാർഡ് വിഭജനത്തെക്കുറിച്ചും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[31-1-2005-ലെ *17 (17)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

4. TIME SCHEDULE

The following time schedule will be strictly adhered to:

1. Last date of registration in the list of pre-qualification—October 31 for the year 2005-2006. Last date for receipt of application for renewal/fresh registration will be20th October, 2004.
2. From 2006-2007 the last date of registration in the list of pre-qualification will be September 30.
3. Last date of assessment of requirement—October 31.
4. Last date of inviting tenders—November 15.
5. Last date of receipt of double envelop tenders (both technical and financial bids)—January 1.
6. Date of opening of technical and financial bids—January 3.
7. Last date obtaining test results—February 18.
8. Negotiation—25, 26 and 27 February.
9. Publication of Final list—March 5.

The above schedule will be widely published in:

a. Four leading dailies—two in Malayalam and two in English, and

b. The website of the Government before 10th of October.

LIBRARY ARCHIVES Kerala Legislative Assembly